# അല്ലാഹുവിന്റെ പേരിൽ സത്യംചെയ്തു പറയുന്നതിന്റെ ഗൗരവം

ജുൻദുബ് ഇബ്നു അബ്ദില്ലﷺവിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിരിക്കുന്നു:

«قَالَ رَجُل: وَاللّٰهِ لاَ يَغْفِرُ اللّٰهُ لِفُلاَنٍ، فقال الله عز وجل: مَنْ ذَا الذِي يَتَأَلَّى عَلَيَّ أَنْ لاَ أَغْفِرَ لِفُلاَنٍ. فَإِنِّي قَدْ غَفَرْتُ لِهُ. وَأَحْبَطْتُ عَمَلَكَ»

''ഒരാൾ പറഞ്ഞു: അല്ലാഹുവാണെ സത്യം നിശ്ചിത വ്യക്തിക്ക് അല്ലാഹു പൊറുത്തുകൊടുക്കുകയില്ല. അപ്പോൾ അല്ലാഹു പറഞ്ഞു: «ഞാൻ നിശ്ചിത വ്യക്തിക്ക് പൊറുത്തുകൊടുക്കുകയില്ലെന്ന് എന്റെ പേരിൽ സത്യം ചെയ്തു പറയാൻ ആരാണ് ധൈര്യം കാണിച്ചത്?! നിശ്ചയം, ഞാൻ അവന് പൊറുത്തു കൊടുത്തിരിക്കുന്നു. നിന്റെ കർമങ്ങൾ ഞാൻ നിഷ്ഫലമാക്കിയിരിക്കുന്നു.» '' (മുസ്ലിം)

അബൂഹുറയ്റﷺവിൽ നിന്നുമുള്ള നിവേദനത്തിൽ:

أن القائل رجل عابد. قال أبو هريرة: تَكَلَّمَ بِكَلِمَةٍ أَوْبَقَتْ دُنْيَاهُ وَآخِرَتَهُ.

''ഇത് പറഞ്ഞ വ്യക്തി ഒരു 'ആബിദ്' (അല്ലാഹുവിനുള്ള ഇബാദത്തിൽ കഴിയുന്ന വ്യക്തി) ആയിരുന്നു.'' അബൂഹുറയ്റﷺ പറഞ്ഞു: ''ഒരു വാക്യം അയാൾ സംസാരിച്ചു; അത് അയാളുടെ ഇഹവും പരവും നശിപ്പിച്ചു.''[1]

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- അല്ലാഹുﷻയുടെ പേരിൽ സത്യം ചെയ്തുപറയുന്നതിനെതിരിൽ താക്കീത്.

[1] സുനനു അബീദാവൂദ്.

- തന്റെ ചെരിപ്പിന്റെ വാറിനേക്കാൾ നമ്മളിലേക്ക് നരകം അടുത്താണ് എന്നത്.
- സ്വർഗ്ഗവും അപ്രകാരം അടുത്താണ്.
- “ഒരാൾ, അല്ലാഹുവിനെ പ്രീതിപ്പെടുത്തുന്ന ഒരു വാക്യം പറയും, പ്രസ്തുത വചനം അയാൾ ഗൗരവത്തിൽ എടുത്തിരിക്കില്ല, അല്ലാഹുവാകട്ടെ ആ വചനംകൊണ്ട് അയാളെ സ്വർഗ്ഗീയ പദവികളിൽ ഉയർത്തും. ഒരാൾ, അല്ലാഹുവിനെ ദേഷ്യപ്പെടുത്തുന്ന ഒരു വാക്യം പറയും, പ്രസ്തുത വചനം അയാൾ ഗൗരവത്തിൽ എടുത്തിരിക്കില്ല, പ്രസ്തുത വചനത്താൽ അയാൾ നരകത്തിൽ ആപതിക്കും.” എന്ന പ്രവാചകൻﷺയുടെ വചനത്തിൽ അതിന് ‘ശാഹിദ് ’ ഉണ്ട്.
- ഒരു വ്യക്തിയിൽ തനിക്കേറെ വെറുപ്പുള്ള ഒരുകാര്യം ആരോപിക്കപ്പെട്ടാൽ പ്രസ്തുത കാരണത്താൽ അയാൾക്ക് പൊറുത്തു കൊടുക്കപ്പെട്ടേക്കും.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**